പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2012-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2012-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

133/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2012-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇനി കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1990 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) 2-ാം വകുപ്പിൽ (എം) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡത്തിൽ "ഓവർടൈം അലവൻസും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19-ാം ആക്റ്റ്) 2-ാം വകുപ്പിലെ (എം) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം 'വേതനം' എന്ന വാക്കിന് ഒരു അബ്കാരി തൊഴിലാളി ജോലിയിലായിരിക്കുകയോ ജോലി സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് വേതനത്തോടുകൂടിയ അവധിയിലായിരിക്കുകയോ ചെയ്യുമ്പോൾ ലഭിക്കുന്നതും, തനിക്കു പണമായി നൽകുന്നതോ നൽകേണ്ടതോ ആയ എല്ലാ പ്രതിഫലങ്ങളും എന്നർത്ഥമാകുന്നതും, അതിൽ ഏതെങ്കിലും സൗജന്യ ഭക്ഷണത്തിന്റെ വില, ഓവർടൈം അലവൻസ്, ബോണസ്, കമ്മീഷൻ എന്നിവ ഉൾപ്പെടാത്തതുമാകുന്നു.

2. അബ്കാരി സ്ഥാപനങ്ങൾ 365 ദിവസങ്ങളിലും പ്രവർത്തിക്കുന്നവയാണ്. ആകയാൽ തൊഴിലാളികൾക്ക് സൗകര്യാർത്ഥം അവധി ലഭിക്കുന്നതിനുവേണ്ടിയാണ് കരാറിന്റെ അടിസ്ഥാനത്തിൽ 50 മുതൽ 110 വരെ ദിവസങ്ങൾ അവധി അനുവദിച്ചിട്ടുള്ളത്. ഈ അവധി ഭാഗികമായി മാത്രം പ്രയോജനപ്പെടുത്തുകയും ബാക്കി അവധി ദിവസങ്ങളിൽ ജോലി ചെയ്യുകയും ചെയ്യുന്ന തൊഴിലാളികൾക്ക് അവധി വേതനം നൽകാറുണ്ട്. ഈ അവധി വേതനം സാധാരണ വേതനം നൽകുന്ന രീതിയിൽ വേജസ് രജിസ്റ്ററിൽ ചേർത്താണ് തൊഴിലാളികൾ വാങ്ങുന്നത്. ഓവർ ടൈം ജോലിയായി പരിഗണിക്കുകയോ അതനുസരിച്ച് ഇരട്ടി ശമ്പളം നൽകുകയോ ചെയ്യുന്ന കീഴ്‌വഴക്കം ഈ വ്യവസായത്തിൽ നിലവിലില്ല. ഈ അവധി വേതനം കൂടി ഉൾപ്പെടെ വേതനത്തിന്റെ 10% ആണ് തൊഴിലാളി വിഹിതയിനത്തിൽ തൊഴിലുടമ അടയ്ക്കാറുള്ളത്. അംശദായ വിഹിതം നിർണ്ണയിക്കുന്നത് സംബന്ധിച്ച അന്വേഷണങ്ങളിൽ തൊഴിലുടമകൾക്ക് പറയാനുള്ളത് കേൾക്കുന്നതിനും തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിച്ചും അവർക്ക് നൽകിയിട്ടുള്ള വേതനത്തെ സംബന്ധിച്ചുമുള്ള പ്രമാണങ്ങൾ ഹാജരാക്കുന്നതിനും മതിയായ അവസരങ്ങൾ നൽകാറുണ്ട്. എന്നാൽ തൊഴിലുടമകൾ ഈ അവസരങ്ങൾ വിനിയോഗിക്കാറില്ല. പ്രസ്തുത അന്വേഷണങ്ങളിൽ ഇപ്രകാരം നൽകിയിട്ടുള്ള അവധി വേതനം ഓവർടൈം ബോണസ്സാണെന്ന് സ്ഥാപിക്കുകയോ അതിനാധാരമായ രേഖകൾ ഹാജരാക്കുകയോ ചെയ്യാറുമില്ല.

3. അവധി വേതനം ഓവർടൈം വേതനം എന്ന് തെറ്റായി വ്യാഖ്യാനിക്കാൻ സാദ്ധ്യതയുള്ളതിനാലാണ് 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 2-ാം വകുപ്പിലെ (എം) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡം മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യണമെന്ന് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. പ്രസ്തുത ഭേദഗതി നിർദ്ദേശം നടപ്പാക്കിയാൽ 1990 മുതലുള്ള അംശദായ തുക തൊഴിലാളികൾക്കു നൽകിയിട്ടുള്ള വേതനവും അധിക വേതനവും കൂട്ടിച്ചേർത്ത തുകയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ല. ഈ കാര്യങ്ങൾ കണക്കിലെടുത്ത് ബോർഡിന്റെ അഭ്യർത്ഥന സർക്കാർ അംഗീകരിക്കുകയും അതിനായി നിയമനിർമ്മാണം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാവുകയില്ല.

**ഷിബു ബേബി ജോൺ**

## 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 19) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) ** ** **

** ** **

(എം) "വേതനം" എന്നതിന് ഒരു അബ്കാരിത്തൊഴിലാളിക്ക് താൻ ജോലിയിലായിരിക്കുകയോ ജോലി സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾക്കനുസരിച്ച് വേതനത്തോടുകൂടിയ അവധിയിലായിരിക്കുകയോ ചെയ്യുമ്പോൾ ലഭിക്കുന്നതും തനിക്ക് പണമായി നൽകുന്നതോ നൽകേണ്ടതോ ആയ എല്ലാ പ്രതിഫലങ്ങളും എന്നർത്ഥമാകുന്നതും, എന്നാൽ താഴെപ്പറയുന്നവ ഉൾപ്പെടാത്തതുമാകുന്നു.—

(i) ഏതെങ്കിലും സൗജന്യഭക്ഷണത്തിന്റെ വില ;

(ii) ഓവർടൈം അലവൻസും ബോണസും കമ്മീഷനും.

** ** **

** ** **